©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2020 നവംബർ 12<br>12th November 2020<br>1196 തുലാം 27<br>27th Thulam 1196<br>1942 കാർത്തികം 21<br>21st Karthika 1942 | നമ്പർ<br>No. | 2763 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ: 310 /2020/സം.തി.ക. തീയതി, തിരുവനന്തപുരം, 2020 നവംബർ 12

കേരള സർക്കാർ 2020 നവംബർ 12-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ജി.ഒ.(പി) 68/2020/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നീ അഞ്ച് ജില്ലകളിൽ 2020 ഡിസംബർ 8-ാം(ചൊവ്വ) തീയതിയും കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ അഞ്ച് ജില്ലകളിൽ 2020 ഡിസംബർ 10-ാം (വ്യാഴം) തീയതിയും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ നാല് ജില്ലകളിൽ 2020 ഡിസംബർ 14 –ാം (തിങ്കൾ) തീയതിയും, മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളോടും കൗൺസിലർമാരെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതിനാലും,

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20-ാം ആക്ട്) 105-ാം വകുപ്പനുസരിച്ച് സംസ്ഥാനത്തെ, മട്ടന്നൂർ ഒഴികെയുള്ള, എല്ലാ മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും, പ്രസ്തുത തിരഞ്ഞെടുപ്പ് സംബന്ധിച്ച് ;

(എ) 2020 നവംബർ 19 (വ്യാഴം) നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി യായും;

(ബി) 2020 നവംബർ 20 (വെള്ളി) നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള തീയതിയായും;

(സി) 2020 നവംബർ 23 (തിങ്കൾ) സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും;

(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നീ അഞ്ച് ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ 2020 ഡിസംബർ 8-ാംതീയതി ചൊവ്വാഴ്ചയും കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ അഞ്ച് ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ 2020 ഡിസംബർ 10-ാം തീയതി വ്യാഴാഴ്ചയും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ നാല് ജില്ലകളിലെ തിരഞ്ഞെടുപ്പ് നടക്കുന്ന വാർഡുകളിൽ 2020 ഡിസംബർ 14–ാം തീയതി തിങ്കളാഴ്ചയും ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും;

(ഇ) 2020 ഡിസംബർ 23-ാം തീയതി (ബുധൻ) തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതിയായും;

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

കേരള സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

**വി.ഭാസ്ക്കരൻ,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.11.12 10:59:56 +05:30